പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5260

05.07.2012-ലെ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പഴം, പച്ചക്കറി, പലവ്യഞ്ജനം മുതലായ നിത്യോപയോഗ സാധനങ്ങളുടെ അമിത വിലവർദ്ധന സാധാരണക്കാർക്ക് താങ്ങാവുന്നതിലുമപ്പുറമാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പഴം, പച്ചക്കറി, പലവ്യഞ്ജനം മുതലായവയുടെ വിലക്കയറ്റം തടയുന്നതിനായി പൊതുമാർക്കറ്റിൽ ഇടപെടുന്നതിനായി സഹകരണ വകുപ്പ്എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (ബി) പച്ചക്കറിയുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി കൺസ്യൂമർ ഫെഡ് വിപണിയിൽ ഇടപെടൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കൺസ്യൂമർ ഫെഡിന്റെ 164 പച്ചക്കറി ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ ഇതിനോടകം തുറന്നിട്ടുണ്ട്. അവയിലൂടെ വിവിധ ഇനം പച്ചക്കറി സാധനങ്ങൾ കമ്പോള വിലയേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിയിട്ടുണ്ട്. കൺസ്യൂമർ ഫെഡിന്റെ ത്രിവേണി സ്റ്റോറുകളിലൂടെയും, ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്നവയും സഹകരണ സംഘങ്ങൾ നടത്തുന്നവയുമായ നന്മ സ്റ്റോറുകളിലൂടെയും ആവശ്യമായ എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് എല്ലാവിധ ഉപഭോക്താക്കൾക്കും വർഷം മുഴുവൻ ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | നഗരസഭകളിലെ എല്ലാവാർഡിലും, ഗ്രാമപഞ്ചായത്തുകളിലെ പ്രധാന കവലകളിലും ഓരോ പഴം, പച്ചക്കറി, പലവ്യഞ്ജന സ്റ്റാളുകൾ തുടങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ ഇവ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ ? | (സി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ